നെല്ലിന്റെ ഉല്പാദനക്ഷമത

21 (*481) ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണോ ; അതോ കുറവാണോ ; കുറവാണെങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗത്തിലൂടെയും ശാസ്ത്രീയമായുള്ള കൃഷി പരിപാലനത്തിലൂടെയും അരിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാമെന്ന വസ്തുത സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കേരളത്തിൽ നെല്ലിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്.

(ബി & സി) ഉണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. 6.550 ഹെക്ടർ പ്രദേശത്ത് ഗ്രൂപ്പ് ഫാമിംഗ് നടപടികളുടെ പുനരുദ്ധാരണം.
2. സങ്കരയിനം നെൽകൃഷി വ്യാപിപ്പിക്കാനായി 65,000 ഹെക്ടർ പ്രദേശത്ത് നെൽവിത്ത് സഹായ നിരക്കിൽ വിതരണം.
3. സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചിലവള വിത്ത് വിതരണം 20,000 ഹെക്ടർ പ്രദേശത്ത് ജീവാണുവളപ്രയോഗം പ്രോത്സാഹിപ്പിക്കൽ.
4. കാർഷികസർവകലാശാല വികസിപ്പിച്ചെടുത്ത പുതിയ ഇനം നെൽവിത്തുകളായ വർഷ, ഗൗരി, ശ്വേത, കുഞ്ഞുകുഞ്ഞ്, സുപ്രിയ, കുഞ്ഞുകുഞ്ഞുവർണ്ണ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കൽ
5. പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.
6. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല തുടങ്ങിയ സുഗന്ധ നെൽകൃഷി ജൈവകൃഷി രീതിയിൽ പ്രോത്സാഹിപ്പിക്കൽ.
7. പൊക്കാളി പ്രദേശത്ത് 1500 ഹെക്ടർ പ്രദേശത്ത് ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

8. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച് 11 വികസന ഏജൻസികൾക്ക് ധനസഹായം.

9. ഹെക്ടറൊന്നിന് സീസണിൽ 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്.

10. സൗജന്യ വൈദ്യുതി.

11. കൊയ്ത്ത് കാലത്ത് നെല്ലിന്റെ വില ഇടിയുന്നത് തടയുന്നതിനായി തറവില നിശ്ചയിച്ചുകൊണ്ടുള്ള നെല്ല് സംഭരണം.

ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾ

22 (*482) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ കേസുകളുടെ തീർപ്പിനുള്ള കാലതാമസം കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട എത്ര ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾക്ക് നിയമാനുസരണം ഉപഭോക്താവിൽ നിന്നും അവർ നൽകുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കാൻ അനുവാദമുണ്ടോ ; ഇല്ലെങ്കിൽ അപ്രകാരം തുക ഈടാക്കുന്ന ഫോറങ്ങൾക്ക് എതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ഡി) ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും അവകാശങ്ങളും ആണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ,

(എ) ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ കേസുകളുടെ തീർപ്പിനുള്ള കാലതാമസം കുറയ്ക്കാൻ സർക്കാർ തലത്തിലും സംസ്ഥാന കമ്മീഷൻ തലത്തിലും കാലാകാലങ്ങളിൽ നിവൃ മീറ്റിംഗുകൾ നടത്തി കേസുകൾ വേഗം തീർപ്പാക്കുവാൻ ജില്ലാ ഫോറം പ്രസിഡന്റുമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ബി) ജില്ലകളിൽ ഓരോന്നുവീതം 14 ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

(സി) ഉണ്ട്. 2002-ലെ ഉപഭോക്തൃ (ഭേദഗതി) നിയമത്തിൽ ഉപഭോക്താക്കളിൽ നിന്നും കേസിന് ഫീസ് ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലേയും 1998-ലെ കേരള ഉപഭോക്തൃസംരക്ഷണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ്. ഉപഭോക്തൃസംരക്ഷണ ഫോറങ്ങൾക്ക് ആനുകൂല്യങ്ങളും അവകാശങ്ങളും നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly